➯ ഈ ജീവിതങ്ങളെ കബളിപ്പിക്കാൻ ഇക്കൂട്ടർക്ക് പ്രയാസപ്പെടേണ്ടി വന്നില്ല ➯

പശ്ചിമഘട്ട സംവാദം തടരുന്നു...
പരിസ്ഥിതിക്കും നീതിക്കും വേണ്ടി
യുവജനങ്ങൾ എന്ന കൂട്ടായ്മ
പശ്ചിമഘട്ട മലനിരകളിലൂടെ
കഴിഞ്ഞ ഏപ്രിൽ-മെയ് മാസങ്ങളിൽ
നടത്തിയ കാൽനടയാത്രയെക്കുറിച്ചുള്ള
വിലയിരുത്തലുകൾ തുടരുന്നു...

# മലയോരജനതയുടെ കലഹങ്ങൾക്കും കാരണമുണ്ട്

2014 ഏപ്രിൽ 12ന് കാസർഗോഡ് നിന്നും ആരംഭിച്ച് മെയ് 30ന് തിരുവനന്തപുരത്ത് സമാപിച്ച പശ്ചിമഘട്ട സംവാദയാത്ര പരിസ്ഥിതി പ്രവർത്തനത്തിന് പുതിയ ഭാഷ നൽകുന്നതിനുള്ള ശ്രമം കൂടിയായി മാറിയത് എങ്ങനെയാണെന്ന് യാത്രികനും ബിരുദ വിദ്യാർത്ഥിയുമായ

**ഷെഫീക്ക് താമരശ്ശേരി**

**പശ്ചിമഘട്ട** മലനിരകൾ ഈ സംസ്ഥാനങ്ങളിലെ ജീവൻ നിലനിർത്തുന്നതിൽ വഹിക്കുന്ന അനിർവചനീയമായ പങ്കിനെക്കുറിച്ച് നമുക്കറിയാം. ഭീമാകാരമായ വ്യവസായശാലകൾ, വൻതോതിലുള്ള ഖനനങ്ങൾ, പാറമടകൾ, റിസോർട്ടുകൾ, പരിസ്ഥിതി ടൂറിസം, വനനശീകരണം, വനം കയ്യേറ്റം, മണൽഖനനം, മണ്ണെടുപ്പ്, കാട്ടുതീ, ഏകവിളത്തോട്ടങ്ങളുടെ ആധിക്യം, രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിത പ്രയോഗം തുടങ്ങിയവയെല്ലാം ഈ മലനിരകളുടെ ജൈവ-വൈവിധ്യത്തെ മാത്രമല്ല അതിന്റെ അടിസ്ഥാന ഘടനയെപ്പോലും സാരമായി ബാധിച്ചിരിക്കുന്നു. ഈയൊരു സാഹചര്യത്തിലാണ് കേന്ദ്രവനം പരിസ്ഥിതിമന്ത്രാലയത്തിന്റെ നിർദേശപ്രകാരം പ്രൊഫ. മാധവ് ഗാഡ്ഗിൽ ചെർമാനായ പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ഒരു സംരക്ഷണ മാതൃക (ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്) സമർപ്പിക്കുന്നത്. പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ശാസ്ത്രീയമായ മാർഗരേഖകളോടൊപ്പം പങ്കാളിത്ത ജനാധിപത്യത്തിന്റെയും അധികാര വികേന്ദ്രീകരണത്തിന്റെയും ഒരു സമഗ്ര പ്രായോഗിക രൂപം മുന്നോട്ട് വെച്ച ഈ റിപ്പോർട്ട് നടപ്പാക്കുന്നത് പോയിട്ട് അതിന്മേൽ ഒരു ചർച്ച നടത്താൻ പോലും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ തയ്യാറായില്ല. എന്നാൽ അതേ സമയം ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രായോഗികതയെക്കുറിച്ച് പഠിക്കാൻ ഡോ. കസ്തൂരിരംഗനെ നിയോഗിച്ചുകൊണ്ട് മറ്റൊരു റിപ്പോർട്ട് തന്നെ തയ്യാറാക്കപ്പെടുകയായിരുന്നു. ഈ റിപ്പോർട്ട് നടപ്പിലാക്കാനുള്ള ശ്രമങ്ങളുമായി കേന്ദ്രസർക്കാർ മുന്നോട്ട് പോയപ്പോൾ കേരളത്തിലെ മലയോരഗ്രാമങ്ങൾ അശാന്തമായി. ഗാഡ്ഗിൽ-കസ്തൂരിരംഗൻ വിരുദ്ധ മുദ്രാവാക്യങ്ങളുമായി പള്ളിയും പാർട്ടിയും പാറമടക്കാരും ഒന്നിച്ചിറങ്ങിയപ്പോൾ അവരുടെ നിക്ഷിപ്ത താൽപര്യങ്ങളുടെ വിഡ്ഢികളായ ഇരകളാവുകയായിരുന്നു മലയോരങ്ങളിലെ സാധാരണ കർഷകരും കുടിയേറ്റ വിഭാഗങ്ങളും. പതിറ്റാണ്ടുകൾക്ക് മുമ്പ് നടന്ന കുടിയേറ്റത്തിന്റെ ഓർമകളിൽ ഇന്നും ദുരിതങ്ങളൊഴിയാതെ അതിജീവനത്തിന് വേണ്ടി പൊരുതുന്ന ഈ ജീവിതങ്ങളെ കബളിപ്പിക്കാൻ ഇക്കൂട്ടർക്ക് പ്രയാസപ്പെടേണ്ടി വന്നില്ല. ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ നടപ്പിലാക്കപ്പെട്ടു കഴിഞ്ഞാൽ മലയോരമേഖലയിലെ മുഴുവൻ കുടുംബങ്ങളും കുടിയിറങ്ങേണ്ടി വരുമെന്നും ജീവിതമാർഗമായി അവർ ചെയ്തുപൊരുന്ന കൃഷി അവസാനിപ്പിക്കേണ്ടി വ



രുമെന്നും ഇവിടുത്തെ വനം - ക്വാറി-മണൽ മാഫിയകൾ പ്രചരിപ്പിച്ചപ്പോൾ ഈ ജനത സംഘടിക്കുകയുണ്ടായി. കൊട്ടിയൂരിലും, താമരശ്ശേരിയിലും, അമ്പായത്തോട്ടിലും അഗളിയിലും മണ്ണാർക്കാട്ടും, കട്ടപ്പനയിലും, ചെറുതോണിയിലും, കൊല്ലമുളയിലും എല്ലാം നടന്ന സമരങ്ങളിലും കലാപങ്ങളിലും കോടികളുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ടു.

മലയോര ജനതയെ മുൻനിർത്തി നടത്തിയ ഈ ആക്രമണങ്ങൾക്ക് പിന്നിൽ സർവ്വസന്നാഹങ്ങളുമായി ഉണ്ടായിരുന്നത് പാറമടക്കാരും അവരുടെ വാടക ഗുണ്ടകളുമായിരുന്നു. പശ്ചിമഘട്ടമെന്നോ പരിസ്ഥിതിയെന്നോ പറഞ്ഞ് ആരെങ്കിലും ഇവിടങ്ങളിൽ ചെന്നാൽ പോയത് പോലെ തിരിച്ചുവരാൻ കഴിയാത്ത അവസ്ഥവന്നു. കേരളത്തിലെ തല മുതിർന്ന പരിസ്ഥിതിക്കാർ മുതൽ നാട്ടിൻപുറങ്ങളിലെ വായനശാലകളിലും സാംസ്കാരിക സംഘടനകളിലുമുള്ള സാധാരണ പ്രവർത്തകർക്ക് വരെ ഈ സാഹചര്യത്തെ വേണ്ടവിധം അഭിമുഖീകരിക്കാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം. മലയോരങ്ങൾക്ക് പുറത്തുള്ള നഗരങ്ങളിൽ പശ്ചിമഘട്ടത്തെക്കുറിച്ച് സെമിനാറുകളും ചർച്ചകളും നടത്തിയെങ്കിലും ഇവരുടെ മുൻകൈയിൽ നടന്നെങ്കിലും പശ്ചിമഘട്ട മേഖലകളിലേക്ക് സംഘടിതമായി ഇറങ്ങിച്ചെല്ലാനുള്ള ശ്രമങ്ങളുണ്ടായില്ല. അതിനാൽത്തന്നെ, ജനിച്ചു വളർന്ന മണ്ണിൽ നിന്നും തങ്ങളെ കുടിയിറക്കാൻ വേണ്ടി വന്ന ഏതോ ക്ഷുദ്രജീവികളെ നോക്കുന്നത് പോലെയാണ് ഇക്കാലങ്ങളിൽ മലയോര ജനത കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരെ നോക്കിക്കണ്ടത്.

പശ്ചിമഘട്ടമെന്നോ ഗാഡ്ഗിലെന്നോ കസ്തൂരിരംഗൻ എന്നോ പറഞ്ഞാൽ മലയോരങ്ങളിൽ കാലുകുത്താൻ കഴിയാതിരുന്ന സാഹചര്യത്തിലാണ് കേരളത്തിൽ പരിസ്ഥിതിക്കും നീതിക്കും വേണ്ടി പ്രവർത്തിച്ചുവരുന്ന ഒരു സംഘം പ്രവർത്തകർ പശ്ചിമഘട്ട മലനിരകളിലൂടെ ഒരു യാത്രയെ കുറിച്ച് ആലോചിക്കുന്നത്. ഏകപക്ഷീയമായ മുദ്രവാക്യങ്ങളുയർത്തിപ്പിടിച്ചുള്ള യാത്ര ഒട്ടും ശരിയല്ല എന്ന തിരിച്ചറിവിൽ നിന്നാണ് യാത്രയുടെ പേരുപോലും 'പശ്ചിമഘട്ട സംവാദയാത്ര' എന്നാക്കിയത്. പശ്ചിമഘട്ട മലനിരകളിലൂടെ കാൽനടയായി നടന്ന്, ജനങ്ങളുമായി സംവദിച്ചും അവരുടെ ആശങ്കളും പ്രയാസങ്ങളും കേട്ട് മനസ്സിലാക്കിയും ജനങ്ങളെകൂടി ഉൾക്കൊള്ളിച്ചുക്കൊണ്ടുള്ള പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിനാണ് പശ്ചിമഘട്ട സംവാദയാത്ര ലക്ഷ്യം വെച്ചത്.

**ജനങ്ങളെ കേൾക്കൽ**

വിവിധ രാഷ്ട്രീയപാർട്ടികളുടെയും സാമുദായിക ശക്തികളുടെയും മതസംഘടനകളുടെയും നേതൃത്വത്തിൽ പതിവായി നടക്കാറുള്ള കേരള യാത്രകൾ മിക്കതും ഉച്ചഭാഷിണികൾ കൊണ്ടും പൊതുയോഗങ്ങൾ കൊണ്ടും പ്രചരണ ബോർഡുകൾ കൊണ്ടും ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ് ചെയ്യാറുള്ളത്. ഇത്തരം യാത്രകൾ വോട്ടുബാങ്കിന്റെ രാഷ്ട്രീയ നേട്ടങ്ങൾക്കപ്പുറം മറ്റൊന്നിനും ശ്രദ്ധകൊടുക്കാറില്ല. ഇതിനിടയിൽ, സാമൂഹ്യപ്രസ്ഥാനങ്ങളുടെ

മുൻകൈയിൽ സദ്ദുദ്ദേശത്തോടെ നടത്തപ്പെട്ട പല യാത്രകൾക്കും രാഷ്ട്രീയജാഥകളുടെ പ്രചരണമാർഗ്ഗങ്ങൾതന്നെ സ്വീകരിച്ചതു കൊണ്ട് ജനങ്ങൾക്കിടയിൽ സ്വീകാര്യത കിട്ടാതെപോയി. അക്കാരണത്താലാണ് ജനങ്ങളെ കേൾക്കുക എന്ന രീതിൽ യാത്ര രൂപകല്പന ചെയ്യാൻ ഞങ്ങൾ ശ്രമിച്ചത്.

അതിനാൽത്തന്നെ ജനങ്ങളിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിചെല്ലാൻ ഞങ്ങൾക്ക് സാധിച്ചു. കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ എന്ന സ്ഥലം ഇതിന്റെ വലിയൊരു ഉദാഹണമായിരുന്നു. ഗാഡ്ഗിൽ–കസ്തൂരിരംഗൻ വിരുദ്ധ കലാപം ഭീകരമായി അരങ്ങേറിയ ഒരു പ്രദേശമായിരുന്നു കൊട്ടിയൂർ. യാത്ര കൊട്ടിയൂർ വഴി കടന്ന് പോകുന്നു എന്നറിഞ്ഞ് പലരും ഞങ്ങളെ ഭയപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യമൊക്കെ ചില ചെറിയ എതിർപ്പുകളുണ്ടായെങ്കിലും പിന്നീട് വലിയ സ്വീകരണമാണ് യാത്രയ്ക്ക് ലഭിച്ചത്. കാലങ്ങളായി തങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ആരോടെങ്കിലും പങ്കുവെക്കാൻ കഴിഞ്ഞതിന്റെ സന്തോഷം മാത്രമായിരുന്നു ഒടുവിൽ കൊട്ടിയൂരുകാർക്കുണ്ടായിരുന്നത്. മാത്രവുമല്ല നാളിതുവരെ ഒരാൾപോലും ഞങ്ങളനുഭവിക്കുന്ന പ്രശ്നങ്ങൾ എന്താണ് ചോദിച്ചറിയാൻ ഇവിടെ വന്നിരുന്നില്ല എന്നും അവർ വേദനയോടെ കൂട്ടിച്ചേർത്തു.

### കലാപം വ്യവസ്ഥകൾക്കെതിരെ

മലയോരങ്ങളിൽ നടന്ന ഗാഡ്ഗിൽ – കസ്തൂരിരംഗൻ വിരുദ്ധ സമരങ്ങളിൽ അങ്ങേയറ്റം ആത്മരോഷത്തോടെ പങ്കെടുത്ത ഒട്ടേറെ സാധാരണ ജനങ്ങളെ ഇതിനകം കാണാനിടയായിരുന്നു. പ്രത്യക്ഷത്തിൽ പശ്ചിമഘട്ട സംരക്ഷണ റിപ്പോർട്ടുകൾക്കെതിരായ സമരം എന്ന് തോന്നിപ്പിച്ച ഈ സമരം യഥാർത്ഥത്തിൽ ഇവിടുത്തെ രാഷ്ട്രീയ വ്യവസ്ഥയോടും ഭരണകൂടത്തോടും ഉദ്യോഗസ്ഥ സംവിധാനത്തോടുമുള്ള സാധാരണ ജനതയുടെ കലാപം കൂടിയായിരുന്നുവെന്ന് മനസ്സിലായത് ഇവരുമായുള്ള പരസ്പര സംവാദത്തിൽ നിന്നാണ്. കാരണം ഇവർ പങ്കുവെച്ച ആശങ്കകളിലും പ്രയാസങ്ങളിലും മുഴച്ചുനിന്നിരുന്നത് എപ്പോഴും ഭരണ സംവിധാനത്തോടുള്ള പ്രതിഷേധമായിരുന്നു. ജനജീവിതം മെച്ചപ്പെടുത്താനും സുരക്ഷിതമാക്കാനും സഹായമാകേണ്ട നിയമങ്ങളെല്ലാം തന്നെ ഇക്കാലമത്രയും തങ്ങളുടെ ജീവിതത്തെ വെട്ടിലാക്കിയ കഥകളാണ് ഇവർക്ക് പറയാനുണ്ടായിരുന്നത്. മാറി മാറി വന്ന സർക്കാറുകളെല്ലാം തന്നെ വൻകിട കോർപ്പറേറ്റുകൾക്കും മാഫിയകൾക്കും വേണ്ടി നിയമങ്ങൾ പുതുക്കിപ്പണിയുന്നതിന് ഈ ജനത സാക്ഷികളായിരുന്നു. ഇതേ ഭരണകൂടം തന്നെ, പശ്ചിമഘട്ട സംരക്ഷണത്തിനായി മുന്നോട്ട് വെച്ച റിപ്പോർട്ടുകളിൽ പറയുന്ന പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ മാത്രം നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിലെ വൈരുദ്ധ്യം രൂപപ്പെടുത്തിയ ഈ ജനകീയ പ്രതിഷേധത്തെ ഒരുതരത്തിലും തള്ളിപ്പറയാൻ കഴിയില്ല.

### പാറമടവിരുദ്ധ സമരങ്ങൾ

മലയോരങ്ങളിൽ ജീവനു ഭീഷണിയുയർത്തി നിൽക്കുന്ന ഒട്ടുമിക്ക ക്വാറികൾക്കെതിരെയും നാട്ടുകാരുടെ നേതൃത്വത്തിൽ വർഷങ്ങൾക്ക് മുമ്പുതന്നെ സമരങ്ങൾ ആരംഭിച്ചിരുന്നു. നാട്ടിൻപുറങ്ങളിലെ സാധാരണക്കാരായ കർഷകരും തൊഴിലാളികളുമൊക്കെയായിരുന്നു ഈ വൻകിട ക്വാറികൾക്കെതിരെ ജീവൻപോലും പണയപ്പെടുത്തി സമരം ചെയ്തിരുന്നത്. ഇതിൽ പലർക്കും ക്വാറി ഉടമകളുടെ ഗുണ്ടകളിൽ നിന്നും ടിപ്പർ തൊഴിലാളികളിൽനിന്നുമൊക്കെ ആക്രമണമേറ്റിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് കസ്തൂരിരംഗൻ റിപ്പോർട്ട് വരുന്നതും അതിൽ നേരത്തെ പറഞ്ഞ ക്വാറി പ്രദേശങ്ങളും ഒപ്പം ചെറുകിട കർഷകരുടെ വീടുകൾ നിൽക്കുന്ന സ്ഥലവും പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽപ്പെടുന്നതും. ഇ.എസ്.എ പ്രദേശങ്ങളിൽപ്പെട്ട സ്ഥലങ്ങളിൽ ജീവിക്കുന്നവർ കുടിയിറക്കപ്പെടുമെന്ന ഭീഷണി വ്യാപകമായി പ്രചരിക്കപ്പെട്ടതോടെ നാട്ടുകാർ പ്രതിഷേധം തുടങ്ങി. ഈ സമരങ്ങൾക്ക് നേതൃത്വം കൊടുത്താകട്ടെ വൻകിട ക്വാറി ഉടമകളും ഭൂമാഫിയകളും. നേരത്തെ നാട്ടുകാർ ആർക്കെതിരെയായിരുന്നോ പശ്ചിമഘട്ട സംരക്ഷണത്തിനായി സമരം ചെയ്തിരുന്നത് അവർക്കൊപ്പം ചേർന്ന് പശ്ചിമഘട്ട സംരക്ഷണത്തിനായി സമരം ചെയ്യേണ്ട ഗതികേട് അവർക്ക് വന്നുചേർന്നു.

### ആദിവാസിജീവിതങ്ങൾ

ഒരു കാലത്ത് മലനാടിന്റെ മുഴുവൻ അവകാശികളായിരുന്ന ആദിവാസി വിഭാഗങ്ങളുടെ കൂടെയായിരുന്നു യാത്രയിലെ പ്രധാനപ്പെട്ട മൂന്ന് ദിവസം ഞങ്ങൾ താമസിച്ചിരുന്നത്. കണ്ണൂർ ജില്ലയിലെ ആദിവാസി പുരധിവാസമേഖലയായ ആറളം ഫാമിലും പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ ആദിവാസി ഭൂസമരകേന്ദ്രങ്ങളായ ചെങ്ങറ, അരിപ്പ എന്നിവിടങ്ങളിലുമാണ് ഓരോ ദിവസം വീതം ഞങ്ങൾക്ക് താമസിച്ചത്. കൂടാതെ, യാത്രയിലെ പല ദിവസങ്ങളിലും ആദിവാസികുടിലുകളലും കോളനികളും സന്ദർശിക്കുകയും ദീർഘസമയം അവരോട് സംസാരിക്കുകയും ചെയ്തിട്ടു

ണ്ട്. കേരളത്തിലെ പശ്ചിമഘട്ട മലനിരകളിലൂടെ അമ്പത് ദിവസമായി നടന്ന പശ്ചിമഘട്ട സംവാദ യാത്രാസംഘത്തിന് അനുഭവപ്പെടുന്ന യാഥാർത്ഥ്യങ്ങളിലൊന്ന് ഈ മലനിരകളുടെ സംരക്ഷകരും അവകാശികളുമായിരുന്ന ആദിമജനതയെ അവരുടെ സ്വാഭാവിക പ്രദേശങ്ങളിൽ ഒരിടത്തുപോലും കാണാൻ കഴിഞ്ഞില്ല എന്നതാണ്. പുതിയലോകത്തിന്റെ കുടിയേറ്റവും അധിനിവേശവും അവരെ വീണ്ടും വീണ്ടും മലമുകളിലേക്ക് ആടിപ്പായിക്കുകയാണുണ്ടായത്. ബാക്കിയുള്ളവർ ഔദാര്യം പോലെ സർക്കാർ വെച്ചുനീട്ടിയ കോളനി പാക്കേജുകളിലെ മൂന്ന് സെന്റിലും അഞ്ച് സെന്റുകളുമൊക്കെയായി ജീവിതം തുടർന്നു.

ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ആദിവാസി സ്വയംഭരണാവകാശം ഏറ്റവും ആദ്യം നടപ്പിലാക്കേണ്ടത് കേരളത്തിലായിരുന്നു എന്ന് തോന്നുന്നു. ഈ നിയമം നടപ്പിലായിരുന്നെങ്കിൽ നമ്മുടെ കാടുകൾ സംരക്ഷിക്കാമായിരുന്നു. അവിടുത്തെ വനവിഭവ സംരക്ഷകർ ആദിവാസികളാകുമായിരുന്നു. എന്നാൽ അൻപതുകൾക്ക് ശേഷം കേരളത്തിലെ മിക്ക സംഘടിത പ്രസ്ഥാനങ്ങളും പരസ്പരം മത്സരിച്ച് അവരുടെ കാടുകൾ തട്ടിപ്പറിക്കുന്ന കാഴ്ചയാണ് ഇവിടെ കാണാനിടയായത്. ആദിവാസികളുടെ ഭൂമി തിരിച്ചുപിടിക്കാൻവേണ്ട 1975-ൽ തന്നെ രൂപപ്പെട്ട ആദിവാസി ഭൂസംരക്ഷണ നിയമം നടപ്പിലാക്കാൻ ഇതുവരെ നമ്മുടെ സർക്കാറുകൾ തയ്യാറായില്ല.

> കേരളത്തിലെ പശ്ചിമഘട്ട മലനിരകളിലൂടെ അമ്പത് ദിവസമായി നടന്ന പശ്ചിമഘട്ട സംവാദ യാത്രാസംഘത്തിന് അനുഭവപ്പെടുന്ന യാഥാർത്ഥ്യങ്ങളിലൊന്ന് ഈ മലനിരകളുടെ സംരക്ഷകരും അവകാശികളുമായിരുന്ന ആദിമജനതയെ അവരുടെ സ്വാഭാവിക പ്രദേശങ്ങളിൽ ഒരിടത്തുപോലും കാണാൻ കഴിഞ്ഞില്ല എന്നതാണ്.

നാളിതുവരെ അവരനുഭവിച്ച കൊടിയ ചൂഷണങ്ങളെയും അവഗണനകളെയും കുറിച്ച് കുറേയേറെ അവർ ബോധ്യവാൻമാരാണ് എന്നതുതന്നെ ഈ വിഭാഗങ്ങളിലുണ്ടായ വലിയ മാറ്റമാണ്. ഒപ്പം യഥാർത്ഥ പരിസ്ഥിതി ചൂഷകർ ആരാണെന്നും അവർ തിരിച്ചറിയുന്നുണ്ട്. കേവലം സാമ്പത്തിക നേട്ടത്തിനുവേണ്ടി മാത്രം ഈ വനങ്ങളും മലനിരകളും നശിപ്പിക്കുന്ന സംഘടിത ചൂഷക വർഗത്തെ അവർ തിരിച്ചറിഞ്ഞതിനാലാണ് ഗാഡ്ഗിൽ റിപ്പോർട്ടിനുവേണ്ടി അവർ ശക്തമായി വാദിക്കുന്നത്.

ചെറുപുഴയ്ക്കടുത്ത മാങ്കുണ്ടി എസ്റ്റേറ്റിലെ തോട്ടം തൊഴിലാളികളായ ആദിവാസികൾ മുതൽ കൊല്ലം ജില്ലയിലെ അരിപ്പ ഭൂസമര കേന്ദ്രത്തിലെ ആദിവാസികൾ വരെയുള്ള അനേകം ആദിവാസി വിഭാഗങ്ങളുമായുള്ള സംഭാഷണത്തിൽ ഒറ്റപ്പെട്ട ഒരു അനുഭവമൊഴിച്ചാൽ ബാക്കി എല്ലാ വിഭാഗങ്ങളും ഗാഡ്ഗിൽ റിപ്പോർട്ടിനുവേണ്ടി ശക്തമായി നിലകൊള്ളുന്നവരായിരുന്നു. പത്തനംതിട്ട ജില്ലയിലെ കൊല്ലമുളയ്ക്കടുത്ത് കുറുമ്പൻമുഴിയിലെ എ.കെ.എസ് പ്രവർത്തകരായ ചില ആദിവാസികൾ മാത്രമായിരുന്നു ഗാഡ്ഗിൽ റിപ്പോർട്ടിന് എതിരായി ഞങ്ങളോട് സംസാരിച്ചിരുന്നത്.

കേരള ചരിത്രത്തിലെ വംശീയ അടിച്ചമർത്തലിന്റെ തോത് ഇത്രമേൽ ഭീകരമാണ് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് ആദിവാസികളുമായുള്ള സംവാദത്തിലൂടെ തന്നെയായിരുന്നു. പ്രകൃതി നൽകുന്നത് എടുത്തുപയോഗിച്ചും പലതും പ്രകൃതിക്ക് തന്നെ തിരിച്ചു നൽകിയും ജീവിച്ചുപോന്നവരുടെ ജീവിതമഹത്വം തിരിച്ചറിയാൻ പരിഷ്കൃതരും വിദ്യാസമ്പന്നരുമായ ഇതരജനവിഭാഗത്തിനും കഴിഞ്ഞില്ല. ലോകത്തെമ്പാടുമുള്ള ആദിമനിവാസികളുടെ ജീവിതരീതിയും ദർശനവും പൈതൃകമായി കാത്തുരക്ഷിക്കാനുള്ള ശ്രമം നടക്കുമ്പോഴും കേരളത്തിൽ ആദിവാസി സംസ്കാരങ്ങൾ ചവിട്ടിമെതിക്കപ്പെടുകയായിരുന്നു. ഡാം നിർമ്മാണം, റോഡുപണി, തോട്ടനിർമ്മാണം, കനാൽ നിർമ്മാണം എന്നിവ കൊണ്ട് വികസനത്തിന്റെ യഥാർത്ഥ ഇരകളായി അവർ മാറുകയായിരുന്നു. അവരുടെ കാടും മേടും വെള്ളത്തിൽ മുക്കി, അവരുടെ ജീവിതം ഇരുട്ടിലാക്കി ലഭിച്ച വെളിച്ചം കൊണ്ട് നഗരങ്ങൾ പ്രകാശിച്ചു. അവരുടെ ഉറവകളിലെ ഔഷധസസ്യങ്ങളെയും ഒറ്റമൂലികളെയും ചതച്ച് പാക്കറ്റുകളിലാക്കി വരേണ്യ ആയുർവേദം കൊഴുത്തു. ഒടുവിൽ അവരുടെ തണൽ മരങ്ങളോരോന്നും വെട്ടിമുറിച്ച് കൂപ്പുകളിൽ ലേലം ചെയ്തു തുടങ്ങിയപ്പോഴേക്കും കാടിന്റെ മക്കൾ അതിജീവനത്തിനായി മലമുകളിലേക്ക് വീണ്ടും കയറിപ്പോയി. പ്രകൃതി സംരക്ഷണത്തെക്കുറിച്ചുള്ള ചിന്തകൾ നമ്മുടെയുള്ളിൽ രൂപപ്പെടുന്നതിന് മുമ്പുതന്നെ ഇവിടെ ഈ കാടും മലനിരകളും ഭംഗിയായി സംരക്ഷിക്കപ്പെട്ടിരുന്നു എന്നതാണ്. പച്ചയായ മണ്ണും ശുദ്ധമായ വെള്ളവും എന്നും നിലനിർത്തിപോന്ന ആദിമഹോത്ര നിവാസികളായിരുന്നു നൂറ്റാണ്ടുകളോളം ഹരിതാഭമായ ഈ മലനിരകളുടെ കാവൽക്കാർ. ■